(ബി) വട്ടപ്പാറ പ്രദേശത്ത് ഭാഗികമായി പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നും മറ്റു പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി എടുത്തു വരുന്നു എന്നുമായിരുന്നു 14-ാം സമ്മേളനത്തിൽ (15-ാം സമ്മേളനത്തിലല്ല) ഉന്നയിച്ച ചോദ്യത്തിന് നൽകിയ മറുപടി. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഉത്തരം (എ)യിൽ പറഞ്ഞിരിക്കുന്ന പദ്ധതിക്ക് രൂപം നൽകി എൽ.ഐ.സി.യിൽ നിന്നും വായ്പ ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിച്ചു കഴിഞ്ഞു. എൽ.ഐ.സി. വായ്പ ലഭിച്ചാലുടൻ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കഴിയും.

(സി) എൽ.ഐ.സി.യിൽ നിന്നും വായ്പ ലഭിച്ചാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

അരൂർ നിയോജക മണ്ഡലത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ നടപടി

77 (302) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അരൂർ നിയോജകമണ്ഡലത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരം മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലെ എത്ര വീടുകളിൽ ശുദ്ധജലം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) ഈ മണ്ഡലത്തിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി ഇപ്പോൾ പ്രവർത്തനം നടക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ഡലത്തിലെ താഴെപ്പറയുന്ന പഞ്ചായത്തുകളിൽ പൊതുടാപ്പുവഴി ജലവിതരണം ലഭ്യമാകുന്ന ഗുണഭോക്താക്കളുടെ വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

അരൂർ	600 എണ്ണം
എഴുപുന്ന	700 എണ്ണം
കോടംതുരുത്ത്	1020 എണ്ണം
വയലാർ	280 എണ്ണം
പട്ടണക്കാട്	1725 എണ്ണം
കടക്കരപ്പള്ളി	225 എണ്ണം

† അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly

(സി) മണ്ഡലത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി പുതുതായി ഉദ്ദേശിച്ചുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ദീർഘകാല നടപടി എന്ന നിലയ്ക്ക് ചേർത്തല താലൂക്കിന് വേണ്ടി രൂപകൽപ്പന ചെയ്തിട്ടുള്ള മൂവാറ്റുപുഴ പദ്ധതി നടപ്പിലാക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുള്ള ശുദ്ധീകരണ ശാലയ്ക്ക് ആവശ്യമായ സ്ഥലമെടുപ്പ് നടന്നിട്ടുണ്ട്. (5.5 ഹെക്ടർ) തൈക്കാട്ടുശ്ശേരി വില്ലേജിൽ ആണ് സ്ഥലം എടുത്തിട്ടുള്ളത്. മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. എഴുപുന്ന, കോടംതുരുത്ത്, കുത്തിയതോട് പഞ്ചായത്തുകളിൽ ജലസ്രോതസ്സിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി രണ്ടു വീതം കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിന് പ്രത്യേകഘടക പദ്ധതിയിൽപ്പെടുത്തി ടെൻഡർ വിളിച്ചിട്ടുണ്ട്.
2. എൽ.ഐ.സി. സഹായത്തോടെ പട്ടണക്കാണ് പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ശുദ്ധജലവിതരണ പദ്ധതിയിലെ ജലസംഭരണിയുടെ നിർമ്മാണ പ്രവർത്തി ഏർപ്പെടാക്കിയിട്ടുണ്ട്. എഴുപുന്ന ജലവിതരണ പദ്ധതിയിലെ ജലസംഭരണിയുടെ പ്രവർത്തിയും ടെൻഡർ ചെയ്ത് ഏർപ്പാടാക്കിയിട്ടുണ്ട്.
3. എൻ.സി./പി.സി. കാറ്റഗറിയിൽപ്പെടുത്തി താഴെപ്പറയുന്ന പ്രവർത്തികൾക്കു അംഗീകാരം ലഭിച്ചിട്ടുണ്ട്.

1. തുറവൂർ പഞ്ചായത്ത്	-	22.10 ലക്ഷം
2. കടക്കരപ്പള്ളി പഞ്ചായത്ത്	-	14.40 ലക്ഷം
3. എഴുപുന്ന പഞ്ചായത്ത്	-	6.25 ലക്ഷം

നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

78 (303) ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വെള്ളനാട് പഞ്ചായത്തിൽ കൊറ്റാമല മുതൽ കുന്നുനടവരെയും ചെട്ടിയാംകുന്ന് കന്യാരുപാറ ഹരിജൻ കോളനിയിലേക്കും പൈപ്പ് ലൈൻ നീട്ടണമെന്നാവശ്യപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു; വിശദവിവരം വ്യക്തമാക്കുമോ;

(സി) ഈ ഭാഗങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശേഷമേ സ്ഥാനനിർണ്ണയം നടത്തുകയുള്ളൂ. ഇതിനുശേഷം ഈ സ്ഥാനങ്ങളിൽ കുറഞ്ഞ വ്യാസത്തിൽ പരീക്ഷണ കിണറുകൾ നിർമ്മിച്ച് അവയുടെ ഉറവിടശേഷി ഉറപ്പ് വരുത്തിയതിനുശേഷമേ നിശ്ചിതവ്യാസമുള്ള കിണർ കുഴിക്കുകയുള്ളൂ. ഈ വസ്തുതകളുടെ വെളിച്ചത്തിൽ സുസ്ഥിരമായ സ്രോതസ്സുകളെ അവലംബമാക്കിയിട്ടുള്ള കുടിവെള്ള പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രധാനമായും അവരുടെ പദ്ധതിചെലവിന്റെ ഒരു നിശ്ചിത ശതമാനവും പ്രവർത്തന ചെലവ് പൂർണ്ണമായും വഹിക്കാനുള്ള സന്നദ്ധതയായിരിക്കും.

ഓരോ പദ്ധതിയുടേയും ചെലവിന്റെ അടിസ്ഥാനത്തിലായിരിക്കും ഓരോ ഗുണഭോക്താവും നൽകേണ്ട തുക നിശ്ചയിക്കപ്പെടുക. സ്വാഭാവികമായി ഇത് വിവിധ പദ്ധതികൾക്ക് വെവ്വേറെയാകാനാണ് സാധ്യത.

അനുബന്ധം XV

[20-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 77(302)-ന്റെ 'എ' ഉത്തരം ദയവായി കാണുക]

തരൂർ പഞ്ചായത്തിലെ പ്രത്യേക ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി കൈതവാരത്തറ കോളനി, കഴുവിടമൂലകോളനി എന്നിവിടങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിച്ചു.

പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി 9 കി.മീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവർത്തികൾ പൂർത്തീകരിച്ചു. ഇതേ പദ്ധതിയിൽപ്പെടുത്തി പുതിയ നാല് കുഴൽ കിണറുകളും (ഫിൽറ്റർ പോയിന്റ്) കുഴിച്ചു. പമ്പിംഗ് ലൈൻ സ്ഥാപിച്ച് ജലസ്രോതസ്സിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ള പമ്പ് ഹൗസിന്റെ പണികൾ പൂർത്തിയായി. ഇത് ഉടൻതന്നെ പ്രവർത്തന ക്ഷമമാക്കുന്നതാണ്.

എഴുപുന്ന : പഞ്ചായത്തിൽ പ്രത്യേക ഘടകപദ്ധതിയിൽപ്പെടുത്തി കരിക്കണംചേരി, കുടപ്പുറം-കൊച്ചുപള്ളി, നരിയാണ്ടി എന്നീ കോളനികളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിച്ചു. മഠത്തിൽക്കാട് കോളനിയിലേയ്ക്കുള്ള ജലവിതരണത്തിനുള്ള പൈപ്പ് ലൈൻ നീട്ടൽ പ്രവർത്തി ടി പദ്ധതിയിൽ പുരോഗമിച്ചു വരുന്നു. പ്രത്യേക ഘടകപദ്ധതിയിൽ തന്നെപ്പെടുത്തി തച്ച് വീട് കോളനിയിൽ കുഴൽ കിണർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തി ഏർപ്പാടാക്കിയിട്ടുണ്ട്. എഴുപുന്ന പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ ജലസ്രോതസ്സ് വർദ്ധിപ്പിക്കുന്നതിനായി രണ്ട് കുഴൽ കിണർ സ്ഥാപിക്കുന്നതിനുള്ള അനുമതി പ്രത്യേക ഘടകപദ്ധതിയിൽ ലഭിച്ചിട്ടുണ്ട്. ഇതേ പഞ്ചായത്തിൽ 10-ാം വാർഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തി ഏർപ്പാടാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ ജനകീയാസൂത്രണത്തിൽപ്പെടുത്തി കൊച്ചുവേളി കവലക്ക് പടിഞ്ഞാറുവശം പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവർത്തി പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

കോടംത്തുരുത്ത് : പഞ്ചായത്തിൽ ജനകീയാസൂത്രണത്തിൽപ്പെടുത്തി 6.5 കി.മീറ്റർ പൈപ്പ് ലൈൻ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥാപിക്കുന്ന പ്രവർത്തി പൂർത്തീകരിച്ചു.

പ്രത്യേക ഘടക പദ്ധതിപ്രകാരം കോടാത്ത് കോളനി, കുഴിവേലിനികത്ത് എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ നീട്ടി കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവർത്തികൾ പൂർത്തീകരിച്ചു. നിലവിലുള്ള പദ്ധതിയിലെ ജലസ്രോതസ്സിന്റെ ലഭ്യത ഉയർത്തുന്നതിനായി '2' കുഴൽ കിണർ സ്ഥാപിക്കുന്നതിനുള്ള അനുമതി പ്രത്യേക ഘടക പദ്ധതികളിൽപ്പെടുത്തി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽപ്പെടുത്തി വല്ലത്തോട് കോളനിയിൽ പൈപ്പ്ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി ഏർപ്പാടാക്കിയിട്ടുണ്ട്.

തുറവൂർ : പഞ്ചായത്തിലെ വെട്ടിയക്കാട് കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിനായി പ്രത്യേക പദ്ധതിയിൽപ്പെടുത്തി ഏർപ്പാടാക്കിയിട്ടുള്ള പ്രവർത്തിയിൽ കിണർ നിർമ്മാണം പൈപ്പ് ലൈൻ സ്ഥാപിക്കൽ, പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി 7, 8 വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തി പൂർത്തിയാക്കി. കൂടാതെ വളമംഗലം എൽ. പി. സ്കൂളിന് സമീപമുള്ള മിനിവാട്ടർ സപ്ലൈ സ്കീമിന്റെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലികൾ പൂർത്തീകരിച്ചു.

ജനകീയാസൂത്രണത്തിൽപ്പെടുത്തി ആയുർവേദ ആശുപത്രിയ്ക്ക് സമീപത്ത് സ്ഥാപിക്കാനുദ്ദേശിച്ചുള്ള മിനിസ്കീമിന്റെ പ്രവർത്തി തുടങ്ങിയെങ്കിലും സ്ഥലവാസികളിൽ നിന്നുള്ള എതിർപ്പുകൾ കാരണം തടസ്സപ്പെട്ടു.

കുത്തിയത്തോട് : പഞ്ചായത്തിൽ പള്ളിത്തോട് ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള കുഴൽക്കിണർ പ്രവർത്തനയോഗ്യമാകുന്നതിനുവേണ്ടി പമ്പ് ഹൗസിന്റെ നിർമ്മാണവും വിതരണ ശൃംഖലയിലെ ഇന്റർ കണക്ഷൻ ജോലികളും ടെൻഡർ ചെയ്തു ഏർപ്പാടാക്കിയിട്ടുണ്ട്.

കുത്തിയത്തോട് പഞ്ചായത്തിൽ പുതുതായി രണ്ട് കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

പട്ടണക്കാട് : പഞ്ചായത്തിൽ എൽ.ഐ.സി. സഹായത്തോടെ ഉള്ള ശുദ്ധജലവിതരണ പദ്ധതിയിൽ ടാങ്ക് ഒഴികെയുള്ള പ്രവർത്തികൾ പൂർത്തിയാക്കി ജലവിതരണം ഭാഗികമായി നടത്തി വരുന്നു. ഇതേ പദ്ധതിയിലുള്ള ഓവർഹെഡ് ടാങ്കിന്റെ പ്രവർത്തി ഏർപ്പാടാക്കിയിട്ടുണ്ട്. പ്രത്യേക ഘടകപദ്ധതിയിൽപ്പെടുത്തി പാറേഭാഗം കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തീകരിച്ചു. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ രണ്ടായിരം മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വയലാർ : വയലാർ പഞ്ചായത്തിൽ പ്രത്യേക ഘടക പദ്ധതിയിൽപ്പെടുത്തി ഒളതല ചിറയക്കാട്, പനംപാട്ടി, കവുത്തരം എന്നീ കോളനികളിലായി 4440 എം. പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിച്ചു. വയലാർ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ ജലസ്രോതസ് വർദ്ധിപ്പിക്കുന്നതിനായി ഒരു കുഴൽക്കിണർ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടന്നുകൊണ്ടിരിക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽപ്പെടുത്തി തൊഴിലേഴത്ത് കോളനി, എട്ടുപുരയ്ക്കൽ എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ (1500 മീറ്റർ) സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികൾ നടപ്പാക്കിവരുന്നു.

കടകരപ്പള്ളി : പ്രത്യേക ഘടകപദ്ധതിയിൽപ്പെടുത്തി പാട്ടത്തി ഹരിജൻ കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിന് പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. തീരദേശ പ്രദേശത്ത് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രവർത്തി പൂർത്തീകരിച്ചു. സ്കീം കമ്മീഷൻ ചെയ്യുവാനുള്ള ഇന്റർ കണക്ഷൻ പ്രവർത്തികൾ തുടർന്നു വരുന്നു.

അനുബന്ധം XVI

[20-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 90(315)-ന്റെ 'സി' ഉത്തരം ദയവായി കാണുക]

KERALA STATE ELECTRICITY BOARD

NOTIFICATIONS

I

PART I EXTRA HIGH TENSION TARIFF

B.O.No.1690/94 (Plg.Com./2462/94/EHT 30*th September,* 1994.

Whereas the Board is statutorily enjoined to leave a surplus of not less than 3 % of the value of the fixed assets of the Board in service at the begining of each year, the value of fixed assets of the Board in service at the begining of the year being what has been stated in Section 59 of the Electricity (Supply) Act 1948 (Central Act 54 of 1948) as amended by the Electricity (Supply) Amendment Act 1983 (Central Act 16 of 1983);

And whereas the escalation in prices of all commodities and services including plant and equipment, construction materials etc., resulting in increased operation and maintenance cost of the supply systems, increased rate of interest payable on loans etc., and the subsidised tariffs given to certain categories of consumers due to social obligations have all resulted in the present tariff rates becoming inadequate for the Board to make the minimum surplus of 3%;

LIBRARY ARCHIVES Kerala Legislative Assembly